# ‘നിക്ഷേപവും ഹൃദയവും’

## മത്തായി 6:21

“നിന്റെ നിക്ഷേപം ഉള്ളേടത്തു നിന്റെ ഹൃദയവും ഇരിക്കും”

എല്ലാവർക്കും വളരെ സുപരിചിതമായ ഒരു വേദവാക്യമാണിത്. എന്താണ് നിക്ഷേപം കൊണ്ട് നാം അർഥമാക്കുന്നത്? നാളേക്ക് വേണ്ടി നാം കരുതി വെയ്ക്കുന്ന വിലപിടിപ്പുള്ള എന്തിനെയും നാം നിക്ഷേപമായി കരുതുന്നു. അത് പണമോ, വസ്തുവകകളോ ആകാം. നിക്ഷേപം കൊണ്ട് നമ്മുടെ ഭാവി ജീവിതം സുഗമമാക്കാമെന്ന് നാം കരുതുന്നു. എന്നാൽ വചനം പറയുന്നു നിന്റെ നിക്ഷേപം എവിടെയോ അവിടെയാണ് നിന്റെ ഹൃദയവുമെന്ന്.

ഈ നശ്വരമായ ലോകത്തിൽ ക്ഷണികമായ കാര്യങ്ങളാണ് നമ്മുടെ നിക്ഷേപമെങ്കിൽ, അതിനെ ചുറ്റിപ്പറ്റിയിരിക്കും നമ്മുടെ ജീവിതവും. ‘പുഴുവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കുകയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുത്’ എന്ന് വചനം നമ്മെ വ്യക്തമായി ഓർമ്മിപ്പിക്കുന്നു. പിന്നെ നാം എന്തിനാണ് ഇത്രമാത്രം വ്യഗ്രതയോടെ, ഭാരത്തോടെ സമ്പത്തിന്റെ പിന്നാലെ പായുന്നത്, നാളെയെ പറ്റി ആകുലപ്പെടുന്നത്.

എന്നാൽ നമ്മുടെ നിത്യത ചിലവിടേണ്ട ഇടമായ സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിക്കാൻ എന്തു കൊണ്ട് നാം പരിശ്രമിക്കുന്നില്ല. എന്നു മാത്രമല്ല അതിനെ പറ്റി ചിന്തിക്കുന്നു പോലുമില്ല. ആ നിക്ഷേപം കവരുവാൻ ആർക്കും സാധ്യമല്ല. എന്നാൽ ഈ ലോകജീവിതം ക്ഷണികമാണ്, വയലിലെ പൂപോലെയാണ് എന്നൊക്കെ അറിയാവുന്ന നമ്മൾ അവസാന ശ്വാസംവരെ മത്സരത്തോടെ പൊരുതി സമ്പാദിച്ച് കൂട്ടുകയാണ്. ആർക്കുവേണ്ടി? എന്തിനുവേണ്ടി? അവ നിന്നെ ഒരിക്കലും ദൈവത്തോട് അടുപ്പിക്കയില്ല എന്നു അറിയാമായിരുന്നിട്ടും എന്തേ അതിനോടുള്ള ഒരു മോഹം മാറുന്നില്ല. ഈ ഒരു മോഹമാണ് സകല പാപത്തിലേക്കും നമ്മെ നയിക്കുന്നത്.

അതു കൊണ്ട് നമുക്ക് ഒന്നു ശോധന ചെയ്തു നോക്കാം. നമ്മുടെ നിക്ഷേപവും ഹൃദയവും എവിടെയാണ്? നിക്ഷേപം ലോകത്തിലും ഹൃദയം സമ്പത്തിന്റെ പിന്നാലെയുമാണെങ്കിൽ നമുക്ക് മടങ്ങിവരാനായി പ്രാർത്ഥിക്കാം. നിക്ഷേപം സ്വർഗ്ഗത്തിലും ഹൃദയം ദൈവത്തിലുമാണെങ്കിൽ നമുക്ക് പ്രത്യാശയോടെ, സമാധാനത്തോടെ ഈ ലോകജീവിതം കഴിച്ച് നിത്യതക്കായി ഒരുങ്ങാൻ സാധിക്കും. അതിനായി ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

പരാമർശം :

കൊലോസ്സ്യർ 3:2

“ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്നിടമായ ഉയരത്തിലുള്ളത് അന്വേഷിപ്പിൻ, ഭൂമിയുലുള്ളതല്ല, ഉയരത്തിലുള്ളത് തന്നേ ചിന്തിപ്പിൻ”

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 028